ക്ലാസ്സ്
**10**

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
First Semester Examination 2025-26

| | |
|---|---|
| **ആകെ മാർക്ക് : 80** | |
| പാർട്ട് 1 : 60 | |
| പാർട്ട് 2 : 20 | |
| **സമയം : 2 മണിക്കൂർ** | |

## പാർട്ട് 1

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **11×1=11**

1. ഈശോ ശ്ലീഹന്മാർ വഴി സഭയെ ഭരമേൽപ്പിച്ച ദൗത്യം?
2. മിഷനറി എന്ന വാക്കിന്റെ ഉത്ഭവം ഏത് പദത്തിൽ നിന്നാണ്?
3. ദൈവപിതാവിന്റെ സുവിശേഷം?
4. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റപ്പെടുന്ന അവസ്ഥ?
5. ശ്ലീഹന്മാർ സുവിശേഷ പ്രഘോഷണത്തിന് ആരംഭം കുറിച്ചതെന്ന്?
6. വി. അപ്രേമിന്റെ അപരനാമം?
7. 'ദൈവത്തിന്റെ നഗരം' ആരുടെ കൃതിയാണ്?
8. വി. യോഹന്നാൻ ശ്ലീഹാ നാടുകടത്തപ്പെട്ട ദ്വീപിന്റെ പേര്?
9. സത്യവിശ്വാസത്തിന്റെ രണ്ട് ഉറവിടങ്ങളിൽ ഏതെങ്കിലും ഒന്നെഴുതുക.
10. വീരോചിതമായി സുവിശേഷ സന്ദേശങ്ങൾ ജീവിക്കുന്നവരെ സഭ വിശേഷിപ്പിക്കുന്നതെങ്ങനെ?
11. ദളിതരുടെ ഉന്നമനത്തിനായി ജീവിച്ച വൈദികൻ?

**ഉത്തരമെഴുതുക. ആര് ആരോട് പറഞ്ഞു.** **3×1=3**

12. "ക്രിസ്തുവിനെ ശപിക്കുക. ഞാൻ നിന്നെ സ്വതന്ത്രനാക്കാം."
13. "എന്റെ ആടുകളെ മേയ്ക്കുക."
14. "വിശുദ്ധ ലിഖിതങ്ങൾ വായിക്കുന്നതിലും ഉപദേശങ്ങൾ നൽകുന്നതിലും അധ്യാപനത്തിലും ശ്രദ്ധാലുവായിരിക്കണം."

**ചുവടെ നൽകിയിരിക്കുന്ന വചനത്താൽ സ്വാധീനിക്കപ്പെട്ട വിശുദ്ധരുടെ പേരെഴുതുക.** **4×1=4**

15. "ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം"
16. "രാത്രി കഴിയാറായി പകൽ സമീപിച്ചിരിക്കുന്നു; ആകയാൽ നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം."
17. "നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം എന്ന ഒരേയൊരു കല്പനയിൽ നിയമം മുഴുവൻ അടങ്ങിയിരിക്കുന്നു."
18. "യേശുക്രിസ്തുവിനോട് ഐക്യപ്പെട്ട് വിശുദ്ധജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരെല്ലാം പീഡിപ്പിക്കപ്പെടും."

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** **7×2=14**

19. പിതാവായ ദൈവം യേശുവിനെ ലോകത്തിലേയ്ക്കയയച്ചതെന്തിന്?
20. ശ്ലീഹന്മാരെ പ്രേഷിത വേലയ്ക്കയച്ചപ്പോൾ ഈശോ നൽകിയ നിർദ്ദേശമെന്ത്?
21. ആദിമ സഭാസമൂഹം തങ്ങളുടെ കൂട്ടായ്മ പ്രകടമാക്കിയതെങ്ങനെ?
22. സഭയെ സഭയാക്കുന്നത് ആരൊക്കെ തമ്മിലുള്ള കൂട്ടായ്മയാണ്?
23. ആദിമ സഭയിൽ വിശ്വാസികളുടെ എണ്ണം വർദ്ധിക്കാനുള്ള കാരണങ്ങളേവ?
24. രണ്ട് പൗരസ്ത്യ രക്തസാക്ഷികളുടെ പേരെഴുതുക.
25. സുവിശേഷ പ്രഘോഷണമെന്ന തന്റെ ദൗത്യം സഭ നിർവ്വഹിക്കുന്നതെങ്ങനെ?

**കുറിപ്പെഴുതുക.** **4×4=16**

26. പ്രാർത്ഥനയുടെ പ്രേഷിതത്വം
27. സഭയുടെ എട്ട് ജീവകാരുണ്യ പ്രവർത്തന മേഖലകൾ
28. അല്മായ പ്രേഷിതർ
29. അന്ത്യവിധിനാളിൽ തന്റെ ഇടതും വലതും നിൽക്കുന്നവരോട് ഈശോ പറയുന്നതെന്ത്?

**അഞ്ചു വാക്യങ്ങളിൽ ഉത്തരം എഴുതുക.** **1×5=5**

30. മതപീഡനത്തിനുള്ള കാരണങ്ങൾ? (നാലാം പാഠത്തെ അടിസ്ഥാനമാക്കി എഴുതുക)

**വിശദീകരിച്ച് ഉത്തരമെഴുതുക.** **1×7=7**

31. സഭാപിതാക്കന്മാർ.

## പാർട്ട് 2

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.** **4×1=4**

32. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി
33. വത്തിക്കാന്റെ മുഖപത്രം
34. CBCIയുടെ പൂർണ്ണരൂപം
35. കെ.സി.ബി.സി.യുടെ ആസ്ഥാനം

**ഉത്തരമെഴുതുക.**

36. സമൂഹത്തെ കാർന്നുതിന്നുന്ന മയക്കുമരുന്നിന്റെ ഉപയോഗം തടയാനുള്ള നാല് മാർഗ്ഗങ്ങളേവ? 4
37. ഭ്രൂണഹത്യ കൊലപാതകമാണ് കാരണമെന്ത്? 4
38. "സ്നേഹം സർവ്വോത്കൃഷ്ടം" എന്ന് പൗലോസ് ശ്ലീഹ പറയുന്നു. ഇതിനെ സാധൂകരിക്കുന്ന നാല് കാരണങ്ങൾ എഴുതുക. 4
39. ബർണാർദുപുണ്യവാന്റെ ജപം എഴുതുക. 4